**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് താൽക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പ കൽപ്പിക്കുന്നതിനായി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ആർ.ഡി.ഒ. ഓഫീസുകളിലും താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. തലങ്ങളിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ തലങ്ങളിൽ, ക്ലാർക്ക് -769, സർവ്വെയർ - 133, ഡേറ്റാ എൻട്രി ഓപ്പറേറ്റർ -23 എന്നിങ്ങനെ ആകെ 925 പേരെ നിയമിച്ചിട്ടുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്; ആണെങ്കിൽ വിശദാംശം നൽകുമോ; അല്ലെങ്കിൽ നിയമനത്തിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. ജില്ലാ എംപ്ലോയിമെന്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് പ്രായോഗിക എഴുത്തു പരീക്ഷയും അഭിമുഖവും നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, സംവരണ തത്വം പാലിച്ചു കൊണ്ടാണ് നിയമന ശുപാർശ നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ